I/73340/2022

## ജില്ലാ ടൗൺ പ്ലാനറുടെ നടപടിക്രമം

വിഷയം: ചിറക്കര ഗ്രാമപഞ്ചായത്തിൽ ചിറക്കര വില്ലേജിൽ റീസർവ്വേ നമ്പർ 233/5 ൽപെട്ട 5862.70m2 വിസ്തൃതിയുള്ള സ്ഥലത്ത് നിലവിലുള്ള 802.56 m2 കെട്ടിടത്തിനോട് ചേർന്ന് 1210.83 m2 ലുള്ള (ground floor,cellar floor) Total built up area 2013.39m2 group C- Medical occupancy ഗണത്തിൽപ്പെടുന്ന കെട്ടിടം നിർമ്മിക്കുന്നതിന് ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: ചിറക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29/08/2022 ലെ 401128/BPMC01/GPO/2022/3694/(1) നമ്പർ കത്തും അപേക്ഷകരായ Dr.M.N യോഗനാഥൻ നമ്പൂതിരി, Dr. പ്രിയ.D, മാങ്കുന്നത്ത് മഠം, ശിവ ശക്തി നഗർ,ഉള്ളൂർ എന്നിവർ 21-10-2022 ൽ ഈ ഓഫീസിൽ നേരിട്ട് സമർപ്പിച്ച പ്ലാനുകളും

---

**ഉത്തരവ് നമ്പർ TCPKLM/484/2022/C** **തീയതി 31-10-2022**

---

ചിറക്കര ഗ്രാമപഞ്ചായത്തിൽ ചിറക്കര വില്ലേജിൽ റീസർവ്വേ നമ്പർ 233/5 ൽപെട്ട 5862.70m2 വിസ്തൃതിയുള്ള സ്ഥലത്ത് നിലവിലുള്ള 802.56 m2 കെട്ടിടത്തിനോട് ചേർന്ന് 1210.83 m2 ലുള്ള (ground floor,cellar floor) Total built up area 2013.39m2 group C- Medical occupancy ഗണത്തിൽപ്പെടുന്ന കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി Dr.M.N യോഗനാഥൻ നമ്പൂതിരി, Dr. പ്രിയ.D, മാങ്കുന്നത്ത് മഠം, ശിവ ശക്തി നഗർ,ഉള്ളൂർ എന്നിവർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KPBR-2019-നും താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ:**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി/ ഒക്യൂപെൻസി നൽകുവാൻ പാടുള്ളൂ.
2. നിർമ്മാണം കെ.പി.ബി.ആർ. 2019 നും അനുബന്ധഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
3. KPBR 2019 ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലായെന്ന് സെക്രട്ടറി ഉറപ്പാക്കണം.
4. മറ്റു വകുപ്പുകൾ/ ഏജൻസികൾ എന്നിവയിൽ നിന്നും ആവശ്യമായ NOC കൾ ലഭ്യമാക്കേണ്ടതാണ്.
5. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായെന്നും 2008 ലെ നെൽവയൽ തണ്ണീർത്തടനിയമം/ അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
6. നിർദ്ദിഷ്ട ലേ-ഔട്ടിൽ, പരിസരവാസികൾക്ക് ദോഷമുണ്ടാകാത്ത വിധത്തിൽ, ഡ്രൈയിനേജിനുള്ള

(മഴവെള്ളം /മലിനജലം) സൗകര്യം നല്കിയിരിയ്ക്കണം.

7. നിർമ്മാണം കെ.പി.ബി.ആർ. 2019 ചട്ടം 79 ന് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
8. ചട്ടം അനുസരിച്ച ആവശ്യമായ പാർക്കിങ് (വാഹനങ്ങൾ തിരിക്കാനും മറ്റും ആവശ്യമായ സ്ഥലം ഉൾപ്പെടെ) പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനു ഉതകുന്ന തരത്തിൽ പ്ലോട്ട് ക്രമീകരിച്ചിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റിവച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
9. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ/ സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിന്റെ സുരക്ഷയെ ബാധിക്കുന്നില്ല എന്നു സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
10. KPBR 2019 ചട്ടം 42 പ്രകാരം വിഭിന്ന ശേഷിക്കാർ, മുതിർന്നവർ കുട്ടികൾ എന്നിവർക്കായുള്ള സൗകര്യങ്ങൾ കെട്ടിടത്തിൽ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
11. സൈറ്റ് പ്ലാനില് പൊളിച്ച് നീക്കാനുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടുള്ള നിര്മ്മാണങ്ങള് പൊളിച്ച് നീക്കേണ്ടതാണ് കൂടാതെ . KPBR 2019 ചട്ടം 79(A) പ്രകാരം കെട്ടിട നിർമ്മാണ സമയത്തോ, നിലവിലുള്ള നിർമ്മാണം പൊളിച്ചു മാറ്റേണ്ടി വരുമ്പോഴോ ഉണ്ടാകുന്ന മാലിന്യങ്ങൾ 2016 ) ലെ construction and demolition of waste management rule പ്രകാരം സുരക്ഷിതമായി ഡിസ്പോസ് ചെയ്യുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**<u>46/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.</u>**

ഉള്ളടക്കം : പ്ലാൻ ഒരു സെറ്റ്

**ഷാരി.എം.വി,**
**ടൗൺപ്ലാനർ**
**കൊല്ലം**

സെക്രട്ടറി,
ചിറക്കര ഗ്രാമ പഞ്ചായത്ത്.

പകർപ്പ്:

ഡോ.എം.എൻ.യോഗനാഥൻ നമ്പൂതിരി & ഡോ. പ്രിയ.ഡി
മാങ്കുന്നത്ത് മഠം, റ്റി.സി 6/723(1)
ഉള്ളൂർ, ആക്കുളം
മെഡിക്കൽ കോളേജ്
തിരുവനന്തപുരം